പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 554 29.11.2018 ലെ മറുപടിക്ക്

## കയർ വ്യവസായത്തിന്റെ സമഗ്ര പുരോഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എം. ആരിഫ്<br>ശ്രീ.കെ.ജെ. മാക്സി<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.കെ. ദാസൻ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) കയർ വ്യവസായത്തിന്റ സമഗ്ര പുരോഗതി ലക്ഷ്യമാക്കി നടപ്പാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | എ) സംസ്ഥാനത്ത് കയർ മേഖലയ്ക്ക് ഉണർവേകാൻ, കയറിന്റെ രണ്ടാം പുനസംഘടനയുടെ ഭാഗമായി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളീകേര ഉൽപ്പാദക കമ്പനികൾ, ആഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ പങ്കെടുപ്പിച്ചുകൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായ യന്ത്രവത്ക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉത്പ്പാദിപ്പിച്ച് കയർ ഉത്പ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവത്ക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർമേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനും രണ്ടാം പുനസംഘടന ലക്ഷ്യമിടുന്നു. അതോടൊപ്പം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനായി കയർ സഹകരണ സംഘങ്ങളെ പുനസംഘടിപ്പിക്കുന്നതിനും ആധുനികവത്ക്കരിക്കുന്നതിനും രണ്ടാം പുനസംഘടനയിലൂടെ ലക്ഷ്യമിടുന്നു.<br>കയർ വ്യവസായ മേഖലയെ ആധുനികവത്ക്കരിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി സമ്പൂർണ്ണയന്ത്രവത്ക്കരണം നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി 50 ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. 2019 ഫെബ്രുവരിയോടെ 50 ഡി.എഫ് മില്ലുകൾ കൂടി പൂർത്തിയാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തനങ്ങൾ ഊർജിതമായി നടന്നുവരുന്നു.<br>കയർപിരി മേഖലയിൽ ഉത്പ്പാദനം വർദ്ധിപ്പിക്കാനായി 8000 ത്തോളം ഇലക്ട്രോണിക് റാട്ടുകൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലിന് ഭരണാനുമതി നൽകുകയും 2500 ഓളം റാട്ടുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കയർ ജിയോ |

| | |
|---|---|
| | ടെക്സ്റ്റൈയിൽസ്, കയർ നീഡിൽഫെൽറ്റ്, കയർ കോമ്പോസിറ്റുകൾ എന്നിങ്ങനെ ഉത്പ്പന്ന വൈവിദ്ധ്യവത്ക്കരണത്തിലൂടെ തൊഴിലാളികളുടെ തൊഴിലവസരവും വേതനവും ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങളും നടപ്പാക്കിവരുന്നു. സന്നദ്ധതയുടേയും പ്രവർത്തനമികവിന്റേയും അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന സൊസൈറ്റികളിൽ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷിനുകൾ സ്ഥാപിക്കുന്ന പ്രവർത്തനം ആരംഭിച്ചു. |
| ബി) ചകിരി നാരിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിന് കയർ സംഘങ്ങൾ വഴി ചകിരിയുടെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി ചകിരി മില്ലുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | ബി) കയർ മേഖലയിൽ നടപ്പാക്കുന്ന രണ്ടാം പുന:സംഘടനാ സ്കീം പ്രകാരം ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, ആഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായ യന്ത്രവത്ക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉത്പ്പാദിപ്പിച്ച് കയർ ഉത്പ്പാദനം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, സി.ഡി.എസ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, നാളികേര ഉൽപ്പാദന കമ്പനികൾ എന്നിവയ്ക്ക് 90% സബ്സിഡിയോടെയും സ്വകാര്യ സംരംഭകർ/ഇതര ഏജൻസികൾ എന്നിവയ്ക്ക് 50% സബ്സിഡിയോടെയും ഡി.എഫ് മിൽ അനുവദിച്ചിട്ടുണ്ട്. 50 പുതിയ ഡീ-ഫൈബറിംഗ് മില്ലുകൾ ആരംഭിച്ചു. അടുത്ത 50 എണ്ണം ഉടൻ പ്രവർത്തനം ആരംഭിക്കും. |
| സി) തൊണ്ടിന്റെ ക്ഷാമം ചകിരി ഉത്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നതിനാൽ ഈ ക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | സി) തൊണ്ട് സംഭരണവുമായി ബന്ധപ്പെട്ട് രൂപീകരിച്ച വൈക്കം കയർ കൺസോർഷ്യം സൊസൈറ്റി മുഖാന്തിരം തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും, പൂർണ്ണമായ യന്ത്രവത്ക്കരണം വഴി പരമാവധി ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കയർഫെഡിന്റെ നേതൃത്വത്തിൽ തൊണ്ട് സംഭരണ / ചകിരി വിതരണ സംവിധാനം രൂപീകരിക്കുന്നതിനായി മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. വൈക്കം കയർ കൺസോർഷ്യത്തിന്റെ മാതൃകയിൽ, ഡി.എഫ് മില്ലുകൾ സജീവമാക്കുന്ന പ്രോജക്ടുകൾ അടിസ്ഥാനമാക്കി കൺസോർഷ്യം രൂപീകരിക്കുന്നതാണ്. ഗുണനിലവാരമുള്ള തൊണ്ട് സുലഭമായ സ്ഥലങ്ങളിൽ ഡി.എഫ്. മില്ലുകൾ പ്രോത്സാഹിപ്പിക്കുക എന്ന രീതിയും |

| | |
|---|---|
| | അവലംബിക്കുന്നുണ്ട്. പ്രാദേശിക തൊണ്ടുസംഭരണത്തിന് "അപെക്സ് ബോഡി ഫോർ കയർ"-ന്റെ പ്രോജക്ട് തല സമിതികളും ശ്രദ്ധചെലുത്തുന്നുണ്ട്. |
| ഡി) കൃഷിക്കാരുമായി നേരിട്ട് ബന്ധപ്പെട്ട് തൊണ്ടു സംഭരിക്കുന്നതിനെപ്പറ്റി ആലോചിക്കുന്നുണ്ടോ;വിശദമാക്കുമോ; | ഡി) കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനികളുമായി സഹകരിച്ച് പരമാവധി തൊണ്ട് ശേഖരിക്കുക, കയർഫെഡിന്റെ നേതൃത്വത്തിൽ തൊണ്ട് സംഭരണ-വിതരണ സംവിധാനം രൂപീകരിക്കുന്നതിനായി മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കുക എന്നിവ പരിഗണനയിലുണ്ട്. വൈക്കം കയർ കൺസോർഷ്യം സൊസൈറ്റി തൊണ്ട് സംഭരണം കാര്യക്ഷമമായി നടപ്പാക്കുന്നതിന് രൂപംകൊടുത്തിട്ടുള്ള സംവിധാനമാണ്. |
| ഇ) ചകിരി ഉത്പാദനം സ്വകാര്യമേഖലയിൽ കൂടി വ്യാപകമാക്കുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | ഇ) സ്വകാര്യ സംരംഭകർക്ക് ഡി.എഫ് മില്ലുകൾ സ്ഥാപിക്കുന്നതിന് 50% സബ്സിഡി നൽകുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ